(ബി) ജനറൽ താരിഫ് റഗുലേഷനും ഭേദഗതികളും ഏതെല്ലാം തീയതികളിലാണ് നിയമസഭയിൽ അവതരിപ്പിച്ചതെന്നും, നിയമസഭ അംഗീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ജനറൽ താരിഫ് റഗുലേഷനും ഭേദഗതികളും പ്രസിദ്ധീകരിച്ച ഗസറ്റ് തീയതികൾ വ്യക്തമാക്കുമോ;

(ഡി) ജനറൽ താരിഫ് റഗുലേഷന്റെയും ഭേദഗതികളുടെയും പകർപ്പുകൾ നൽകുമോ?

ഉത്തരം

(എ) രണ്ടുപ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട്.

3.12.1984-ലും 26.12.1991-ലും

(ബി) വിശദാംശങ്ങൾ ഉടനെ ലഭ്യമല്ല. ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട് 1948 പ്രകാരം ബോർഡ് ജനറൽ താരിഫ് റഗുലേഷൻ 1966-ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിന്റെ 15.3.1984 മുതലുള്ള ഭേദഗതി പ്രകാരമാണ് (ആക്ട് 20, 1983, സെക്ഷൻ 2 ഷെഡ്യൂൾ) ബോർഡ് ഇറക്കുന്ന റഗുലേഷൻസ് ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിബന്ധനയുണ്ടായത്. അതിനാൽ 1966-ലെ ജനറൽ താരിഫ് റഗുലേഷൻ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. 3.12.1984-ലെ ഭേദഗതി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. 26.12.1991-ലെ ഭേദഗതി 27.12.1991-ലെ 1498-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) പകർപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

150 (1694) വൈദ്യുതി നിരക്ക് വർദ്ധന

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1997-ലെ വൈദ്യുതി നിരക്കിന്റെ പത്തു ശതമാനമാണോ അതോ 1.2.1998-ലെ വൈദ്യുതി നിരക്കിന്റെ പത്തു ശതമാനമാണോ 1.2.1999-ൽ കൂട്ടിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1.2.1998 മുതൽ നടപ്പിൽ വരുത്തിയ വൈദ്യുതി നിരക്കിന്റെ പത്തുശതമാനം കൂടിയാണ് 1.2.1999 മുതൽ നിരക്ക് വർദ്ധിപ്പിച്ചത്.

151 (1695) വൈദ്യുതി ചാർജ്ജ് വർദ്ധന

ശ്രീ. പാലോട് രവി :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒന്നിലധികം പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

താഴെപ്പറയുന്ന കാരണങ്ങളാലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്.

1. ഉൽപാദനം-പ്രസരണം-വിതരണ മേഖലകളിലെ അറ്റ കുറ്റപ്പണികളുടെ ചെലവ് വർദ്ധന
2. കേന്ദ്രപൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വർദ്ധിച്ച വില
3. കായംകുളം തെർമൽ സ്റ്റേഷനിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ അധികവില
4. ബ്രഹ്മപുരത്തുനിന്നും മറ്റു പദ്ധതികളിൽ നിന്നും ഉള്ള വൈദ്യുതിയുടെ ഉൽപ്പാദന ചെലവിന്റെ കൂടുതൽ
5. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന വായ്പയുടെ തിരിച്ചടയ്ക്കേണ്ട പലിശ
6. പുതിയ പദ്ധതികൾക്കുള്ള വായ്പ ഉറപ്പാക്കണമെങ്കിൽ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്.

152 (1696) ലോഡ് ഡെസ്പാച്ച് സെന്ററിന്റെ ചുമതല

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിലെ ലോഡ് ഡെസ്പാച്ച് സെന്ററിന്റെ ചുമതല എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ നിലയിൽ ലോഡ്ഷെഡിംഗ് ആവശ്യമില്ലായെന്ന് ലോഡ് ഡെസ്പാച്ച് വിഭാഗം ബോർഡിനെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)&(സി) സംസ്ഥാനത്ത് പുതുതായി പല വൈദ്യുതി പദ്ധതികളും നിലവിൽ വന്നതുമൂലം ഉൽപ്പാദനവും ലഭ്യതയും കണക്കിലെടുക്കുമ്പോൾ മൺസൂൺ കാലത്ത് ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നതിനാൽ ലോഡ് ഷെഡിംഗ് പിൻവലിക്കാനുള്ള സാഹചര്യമാണ് നിലവിൽ വന്നിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾ നിലവിലുള്ള പ്രസരണ വിതരണ ശൃംഖലയിലുള്ള പരിമിതികൾമൂലം (ലൈൻ ഓവർലോഡിംഗ് ട്രാൻസ്ഫോർമർ ഓവർ ലോഡിംഗ് എന്നിവ) പീക്ക്ലോഡ് സമയത്ത് എല്ലായിടത്തും തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ പ്രയാസമാണ്. ഈ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly